# RTO യ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

Suraksha Mitr അപ്ലിക്കേഷനിൽ ലോഗിൻ ചെയ്തു കയറുക
ശേഷം താഴെ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പിന്തുടരുക.

1. മുകളിലായി **Franchisee** എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്തു **Approve Dealer** ക്ലിക്ക് ചെയ്യുക.

-ഒരു ടേബിൾ ഫോർമാറ്റിൽ ഫ്രാൻഞ്ചൈസിയുടെ ഡീറ്റെയിൽസ് അപ്ലിക്കേഷൻ നമ്പർ അനുസരിച്ചു കാണിക്കും.

2. ആ ലിസ്റ്റിന്റെ ഇടതുപക്ഷത്തായിട്ടു ഓരോ അപ്ലിക്കേഷനും സമാനമായി റേഡിയോ ബട്ടണുകൾ ഉണ്ട് .
( ടേബിളിലെ നീണ്ട ലിസ്റ്റിൽ നിന്നും കണ്ടെത്തുന്നതിനുപകരം ടേബിളിന്റെ വലതുപക്ഷത്തായി കാണുന്ന **Search**ൽ അപ്ലിക്കേഷൻ നമ്പർ ടൈപ്പ് ചെയ്തു കണ്ടെത്താവുന്നതാണ് .)

3. തിരഞ്ഞെടുക്കണ്ട അപ്ലിക്കേഷന് സമാനമായ റേഡിയോ ബട്ടൺ സെലക്ട് ചെയ്യുക .

4. ശേഷം താഴെയായി കാണുന്ന "**view details** " ബട്ടൺ ക്ലിക് ചെയ്യുക .

5. "Franchisee details" എന്ന തലകെട്ടുള്ള ഒരു പോപ്പ്അപ്പ് വിന്ഡോ ഓപ്പണായി വരും . ഫ്രാൻഞ്ചൈസിയുടെ വിശദാംശങ്ങൾ "**Franchisee**", "**Contact**","**Manufacturer**" എന്നീ മൂന്ന് ടാബുകളിലായി കൊടുത്തിട്ടുണ്ടാവും . അതിൽ പറഞ്ഞിരിക്കുന്ന വിശദാംശങ്ങളെല്ലാം ശെരിയാണ് എന്ന ഉറപ്പുവരുത്തുക.

6. ഈ പോപ്പ് അപ്പ് വിന്ഡോയുടെ മുകളിൽ വലതുഭാഗത്തായുള്ള ക്രോസ്ബറ്റോണിൽ ക്ലിക്ക് ചെയ്തു വിന്ഡോ ക്ലോസ് ചെയ്യുക .

7. താഴെകാണുന്ന "Print" ബട്ടൺ ക്ലിക്ക് ചെയ്യുക .
ഫ്രാൻഞ്ചൈസിയുടെ വിവരങ്ങൾ അടങ്ങിയ "FRANCHISEE APPROVAL CERTIFICATE" അവിടെ ലഭ്യമാവും . ഈ സിർട്ടിഫിക്കറ്റിന്റെ print എടുക്കുക

- ഇതിൽ രേഖപ്പെടുത്തിയിരിക്കുന്ന അഡ്രസിൽ യാഥാർത്ഥമായും ഒരു ഓഫീസ് ഉണ്ടെന്ന് ഉറപ്പുവരുത്തുക .
- ഓഫിസിൽ ചെല്ലുക , അവിടെ പ്രധാനമായും താഴെ പറഞ്ഞിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട് എന്ന ഉറപ്പുവരുത്തുക.
    - കമ്പ്യൂട്ടർ
    - ഇന്റർനെറ്റ്
    - പ്രിൻറർ
    - ടെക്നീഷൻ ( ഡിവൈസ് ഫിറ്റ് ചെയ്യുവാൻ)

8. മേൽ പറഞ്ഞ സൗകര്യങ്ങൾ ഉറപ്പുവരുത്തിയതിനു ശേഷം അപ്പ്ലിക്കേഷനിൽ ലോഗിൻ ചെയ്യുക .
മുകളിൽ പറഞ്ഞിരിക്കുന്ന 1മുതൽ 3 വരെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പിന്തുടർന്ന് "**Verify**" ബട്ടൺ ക്ലിക്ക് ചെയ്യുക .

9. രേഖപെടുത്തിയിരിക്കുന്ന വിവരങ്ങളെല്ലാം ശെരിയാണ് എന്ന് ഉറപ്പാണെങ്കിൽ അവസാനത്തെ **Approve** ടാബിൽ "***License Date*** ", "***Valid Upto***" തിയ്യതിയികൾ തിരഞ്ഞെടുക്കുക .

10. നൽകിയ വിലാസത്തിൽ ഉള്ള സ്ഥാപനത്തിലെ സന്ദർശനത്തിൽ മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങളെല്ലാം ഉണ്ടെങ്കിൽ "***Office Visited/Meets all the minimum requirements for franchisee***" ചെക്ക് ചെയ്യുക.

11. അപ്ലിക്കേഷൻ അപ്പ്രൂവ് ചെയ്യുന്നതിനായി "**Approve**" ബട്ടൺ ക്ലിക്ക് ചെയ്യുക.

12. തന്നിരിക്കുന്ന വിവരങ്ങളിൽ ഏതെങ്കിലും തെറ്റുകളോ ,മേല്പറഞ്ഞിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളോ ഇല്ലെങ്കിൽ "**Reject**" ബട്ടൺ ക്ലിക്ക് ചെയ്തു അപ്ലിക്കേഷൻ നിരസിക്കാവുന്നതാണ്. Reject ചെയ്യുവാനുള്ള കാരണം രേഖപ്പെടുത്തി "**save**" ബട്ടണിൽ ക്ലിക്ക് ചെയുക . അപ്ലിക്കേഷൻ rejected ആവും.

13. അപ്പ്രൂവ് ചെയ്ത അപ്ലിക്കേഷൻ 'Print' ബട്ടൺ ക്ലിക്ക് ചെയ്തു പ്രിന്റ് എടുക്കാവുന്നതാണ് .ആ പ്രിന്റിൽ RTO സൈനും സീലും വെച്ച് ഫ്രാഞ്ചൈസിക്ക് നൽകുക.